21. കോഴിക്കോട് ആശാഭവൻ (മെൻ)-ന്റെ നിർമ്മാണ പൂർത്തീകരണത്തിനായി 9 ലക്ഷം രൂപ അനുവദിച്ചു.

22. തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന VTC കളിൽ ഹ്രസ്വകാല കമ്പ്യൂട്ടർ കോഴ്സുകളുടെ നിലവാരം ഉയർത്തുവാൻ 6.33 ലക്ഷം രൂപ അനുവദിച്ചു.

23. വികലാംഗർക്കുള്ള 3% ക്വാട്ടയുടെ നിയമനം PSC-യ്ക്ക് വിടാൻ തീരുമാനിക്കുകയും ക്ലാസ് 3 വിഭാഗത്തിൽ 156 തസ്തികകളും ക്ലാസ് 4 വിഭാഗത്തിൽ 44 തസ്തികകളും ക്ലാസ് 1, ക്ലാസ് 2 എന്നിവയിൽ 48 തസ്തികകളിലും നിയമനം നടത്തുന്നതിന് കണ്ടെത്തി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ സംസ്ഥാന സാമൂഹ്യസുരക്ഷാ മിഷൻവഴി സംസ്ഥാനത്തെ മുഴുവൻ വികലാംഗർക്കും മെഡിക്കൽ സർട്ടിഫിക്കറ്റും തത്സമയ തിരിച്ചറിയൽ കാർഡും നല്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു.

24. വികലാംഗ പെൻഷൻ 300 രൂപയാക്കി വർദ്ധിപ്പിച്ചു.

(ബി) വിവരം ശേഖരിച്ച് വരുന്നു.

(സി) ഇക്കാര്യം പരിഗണനയിലില്ല.

(ഡി) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, കോർപ്പറേഷൻ, ബോർഡുകൾ തുടങ്ങിയവയിലായി 3% സംവരണമാണ് നൽകിവരുന്നത്.

(ഇ) ബാധകമല്ല.

(എഫ്) അർദ്ധ സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ 3% സംവരണമേർപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യസ്ഥാപനങ്ങളിലെ വികലാംഗ സംവരണം പരിഗണനയിലില്ല.

നിയമനങ്ങളിലെ വികലാംഗ സംവരണം

89 (4978) ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ൽ പാർലമെന്റ് പാസ്സാക്കിയ വികലാംഗ സംരക്ഷണ നിയമമനുസരിച്ച്, സർക്കാർ സ്ഥാപനങ്ങളിലും, സഹകരണ സ്ഥാപനങ്ങളിലും, യൂണിവേഴ്സിറ്റികളിലും, ബോർഡുകളിലും, കോർപ്പറേഷനുകളിലും മറ്റിതരസ്ഥാപനങ്ങളിലും നാളിതുവരെ ആകെ നടന്നിട്ടുള്ള നിയമനങ്ങളുടെ 3% വികലാംഗർക്ക് അർഹതയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 1995 മുതൽ വികലാംഗ സംവരണ നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള സർക്കാർ ഉത്തരവിന് മുമ്പുള്ള

LIBRARY ARCHIVES Kerala Legislative Assembly

(2003 വരെയുള്ള) കാലയളവിൽ ടി സ്ഥാപനങ്ങളിൽ ആകെ എത്ര വികലാംഗർക്ക് നിയമനങ്ങൾ നൽകേണ്ടതായിരുന്നുവെന്ന് വ്യക്തമാക്കുമോ ; അതിൽ ആകെ എത്ര വികലാംഗർക്ക് നാളിതുവരെ സ്ഥിര നിയമനം നൽകിയിട്ടുണ്ട് ; ബാക്കി എത്ര വികലാംഗർക്ക് ഇനി നിയമനങ്ങൾ നടത്തേണ്ടതായിട്ടുണ്ട് ; വിശദമായി വിവരിക്കുമോ ;

(ബി) 11-ാം കേരള നിയമസഭയുടെ സ്ത്രീകളുടേയും, കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ (2004-2006) 8-ാമത് റിപ്പോർട്ടിലെ 16-ാം ഖണ്ഡിക പ്രകാരം 15-8-1998 മുതൽ 31-12-2000 വരെ എംപ്ലോയ്മെന്റ് മുഖേന ഒരു ദിവസമെങ്കിലും ജോലി ചെയ്തിരുന്ന താൽക്കാലിക ജീവനക്കാരായ വികലാംഗരെ സ്ഥിരപ്പെടുത്തണമെന്ന ശുപാർശയിന്മേൽ നാളിതുവരെയായി 15-8-1999 വരെയുള്ള നിയമനങ്ങൾ മാത്രമേ സ്ഥിരപ്പെടുത്തിയിട്ടുള്ളു എന്നതിനാൽ ആയതിന് ശേഷമുള്ള നിയമനങ്ങൾ (15-8-1999 മുതൽ 31-12-2000 വരെ) സംബന്ധിച്ച ശുപാർശയിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ കളക്ടർമാർ വിവിധ വകുപ്പ് അദ്ധ്യക്ഷന്മാർ എന്നിവിടങ്ങളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) 15-8-1999-നു ശേഷം താല്ക്കാലിക സേവനമനുഷ്ഠിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുകയോ, ഇത്തരം അപേക്ഷകൾ പരിഗണിക്കുകയോ ചെയ്യുന്നതല്ല എന്ന് 30-11-2007-ലെ ജി.ഒ.(പി)85/07/സാ.ക്ഷേ.വ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നയപരമായ ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടി ഉത്തരവ് പുറപ്പെടുവിച്ചത്.

വികലാംഗ ക്ഷേമപെൻഷൻ

90 (4980) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വികലാംഗ ക്ഷേമപെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപ ;

(ബി) നിലവിൽ അവർക്ക് ലഭിക്കുന്നത് എത്ര രൂപയാണ് ; കുടിശ്ശിക യായി എത്ര രൂപ നൽകാനുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വർദ്ധിപ്പിച്ചിട്ടുണ്ട്. 20-7-2005-ലെ ജി.ഒ.(എം.എസ്)113/05/സാക്ഷേവ നമ്പർ ഉത്തരവു പ്രകാരം 110 രൂപയിൽ നിന്നും 140 രൂപയായും, 17-1-2008-ലെ ജി.ഒ.(എം.എസ്.)5/08/സാക്ഷേവ നമ്പർ ഉത്തരവു പ്രകാരം 1-4-2007 മുതൽ

LIBRARY ARCHIVES Kerala Legislative Assembly